(സി) 2013-ലെ നിയമത്തിലെ 4-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റിയുടെ ഘടന വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അദ്ധ്യക്ഷനായി തൊഴിൽ സ്ഥലത്തെ സീനിയർ വനിതാ ഉദ്യോഗസ്ഥയും തൊഴിലാളികളുടെ കൂട്ടത്തിൽ നിന്ന് രണ്ടിൽ കുറയാത്ത അംഗങ്ങളും ഉൾപ്പെട്ടിരിക്കണം. അവർ സാമൂഹ്യ പ്രവർത്തനങ്ങളിലോ, നിയമ പരിജ്ഞാനമുള്ളവരോ അല്ലെങ്കിൽ സ്ത്രീകളുടെ അവകാശവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരോ ആയിരിക്കണം. കൂടാതെ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന ഒരു അനൗദ്യോഗികാംഗവും ഉൾപ്പെട്ടിരിക്കണം. കമ്മിറ്റി രൂപീകരിക്കാത്ത എല്ലാ ആഫീസുകളിലും അടിയന്തരമായി ആയത് രൂപീകരിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

അന്യ സംസ്ഥാന തൊഴിലാളികളുടെ സുരക്ഷാ പ്രശ്നങ്ങൾ

12(*612) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ സുരക്ഷയ്ക്കും, അവർ ഉൾപ്പെടുന്ന കുറ്റ കൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ഉത്തരവാദിത്തങ്ങൾ വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിന് പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(സി) ഏജന്റുമാരും മേസ്തിരിമാരും അന്യ സംസ്ഥാന തൊഴിലാളികളിൽ നിന്ന് പ്രതിദിന കമ്മീഷൻ ഈടാക്കുന്നതായും, പ്രാദേശിക ഗ്രൂപ്പുകൾ ഗ്രൂപ്പാപിരിവ് നടത്തുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള കർശന നിർദ്ദേശം നൽകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സമൂഹത്തിലെ എല്ലാ പൗരന്മാർക്കും നൽകിവരുന്ന സുരക്ഷ ഇതര സംസ്ഥാന തൊഴിലാളികൾക്കും നൽകിവരുന്നുണ്ട്. തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തി അവർക്ക് സംരക്ഷണത്തിനും അവരെ നിരീക്ഷിക്കുന്നതിനും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നും പരിശോധിക്കുന്നുണ്ട്. അന്യ സംസ്ഥാന തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരോ കോൺട്രാക്ടർമാരോ അവരുടെ പേരും മേൽവിലാസവും ഫോട്ടോയും സഹിതമുള്ള വിശദ വിവരങ്ങൾ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കാനും ഈ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്നും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുമായി സ്ഥലവാസികളായ മുൻ മയക്കുമരുന്ന് കുറ്റവാളികളോ ക്രിമനലുകളോ ബന്ധപ്പെടുന്നുണ്ടോയെന്നും നരീക്ഷിച്ചുവരുന്നുണ്ട്.

(ബി) അന്യ സംസ്ഥാന തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരോ കോൺട്രാക്ടർമാരോ അവരുടെ പേരും മേൽവിലാസവും ഫോട്ടോയും സഹിതമുള്ള വിശദവിവരങ്ങൾ അതാതു പോലീസ് സ്റ്റേഷനുകളിൽ അറിയിക്കാനും ഈ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്നും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട പരാതി ലഭിച്ചാൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ്

13(*613) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും റിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പിന് പുറമെ വൻതോതിൽ ഹവാല ഇടപാടും നടന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ് നടത്തിയ കൊച്ചിയിലെ രവിപുരം ചർച്ച് ലാന്റിംഗ് റോഡിൽ പ്രവർത്തിക്കുന്ന അൽ സറാഫ നഴ്സിംഗ് ഏജൻസിയുടെ ഹവാല ഇടപാടുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസിന് ലഭിച്ച വിവരങ്ങൾ സംബന്ധിച്ച് യഥാസമയം അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ ; പ്രസ്തുത ഇടപാടിൽ കണ്ണികളായി പ്രവർത്തിച്ചിരുന്നവർ ആരൊക്കെയാണ് ;

(സി) ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് എന്തെങ്കിലും നടപടി കൈക്കൊള്ളുകയുണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly